"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് - മാലിന്യശേഖരണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് ചികിത്സക്ക് ചിലവായതും തുടർന്നുള്ള ചികിത്സയ്ക്കുമായി പഞ്ചായത്തിന്റെ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1382/2025/LSGD തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:- 1. പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 03/03/2025 ലെ അപേക്ഷ

**ഉത്തരവ്**

പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് മുട്ടികുളങ്ങര ഭാഗത്ത് 18-02-2025 ന ഗ്രാമപഞ്ചായത്തിന്റെ ഹരിതകർമ്മ സേന അംഗങ്ങൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചത് എംസിഎഫിലേക്ക് കൊണ്ടുപോകുന്നതിനായി ട്രാക്ടറിലേക്ക് കയറ്റുന്ന സമയത്ത് ചാക്ക് നിലത്ത് വീഴുകയും, ഇതിൽതട്ടി അതുവഴി വന്നിരുന്ന ദമ്പതികളായ ശ്രീ.വിഷ്ണു - ശ്രീമതി.അജിന എന്നിവർക്ക് അപകടം സംഭവിക്കുകയും, അപകടസമയത്ത് ഏഴുമാസം ഇരട്ട കുട്ടികളെ ഗർഭം ധരിച്ചിരുന്ന ശ്രീമതി.അജിനക്ക് 19-02-2025ന് ശാരീരികാസ്വാസ്ഥ്യങ്ങൾ നേരിട്ടതിനെ തുടർന്ന് വിദഗ്ധ ചികിത്സ ലഭ്യമാക്കുകയും, ശ്രീമതി അജിന പൂർണ്ണമായ വളർച്ചയെത്താത്ത ഇരട്ട കുട്ടികൾക്ക് ജന്മം നൽകുകയും, അതിൽ ഒരു കുഞ്ഞ് ആരോഗ്യസ്ഥിതി മോശമായതിനെ തുടർന്ന് മരണപ്പെടുകയും രണ്ടാമത്തെ കുഞ്ഞ് അതിതീവ്ര വിഭാഗത്തിൽ തുടരുന്ന സാഹചര്യത്തിൽ വളരെ നിർധനരായ ഈ കുടുംബത്തിൻറെ ചികിത്സയ്ക്കു ചിലവായതും തുടർന്നുള്ള ചികിത്സയ്ക്കുമായി പഞ്ചായത്തിന്റെ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്നും പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രത്യേക സാഹചര്യവും മാലിന്യസംസ്കരണം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണെന്നതും പരിഗണിച്ച്, അപകടത്തിൽപ്പെട്ട കുടുംബത്തിന്റെ ചികിത്സയ്ക്ക് ചിലവായതും തുടർന്നുള്ള ചികിത്സയ്ക്കുമായി പഞ്ചായത്തിന്റെ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത അപകടത്തിന്റെ കാരണം അന്വേഷിച്ച് ഭാവിയിൽ ഇത്തരം അപകടങ്ങൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നല്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
പ്രസിഡന്റ്, പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
സെക്ഷൻ ഓഫീസർ
Date: 04-06-2025 12:19:32

പകർപ്പ്:
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്